<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.863 — 30.11.2018-ൽ മറുപടിയ്ക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിലുളള ഓച്ചിറ ഐ.ടി.ഐ</u>

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിലുളള ഓച്ചിറ ഐ.ടി.ഐയിൽ ഏതെല്ലാം കോഴ്സുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വകുപ്പിന് കീഴിലുളള ഓച്ചിറ ഐ.ടി.ഐയിൽ നിലവിൽ പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീകോഴ്സുകളാണ് ഉള്ളത്. |
| (ബി) | ഇവിടെ ആരംഭിച്ചിട്ടുള്ള ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിനായി ഒരു കെയർടേക്കർ, ഒരു ഫുൾ ടൈം സ്വീപ്പർ എന്നീ ജീവനക്കാരെ താൽക്കാലികമായി/ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (സി) | പ്രഖ്യാപിത ഇലക്ട്രീഷ്യൻ ട്രേഡും പ്ലംബർ ട്രേഡിന്റെ അധികയൂണിറ്റും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (സി) | ഓച്ചിറ ഐ.ടി.ഐയിൽ പുതിയതായി ഇലക്ട്രീഷ്യൻ (1+1) ട്രേഡും പ്ലംബർ ട്രേഡിന്റെ ഒരു അധിക ബാച്ചും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിന് അടിയന്തരമായി വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) | വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ഐ.ടി.ഐ 1992 മുതൽ പ്രവർത്തിച്ചു വരുന്നു. ടി ഐ.റ്റി.ഐ.യിൽ ട്രെയിനിംഗ് സൂപ്രണ്ട് - 1, ട്രെയിനിംഗ് ഇൻസ്ട്രക്ടർ - 3, ഓഫീസ് അറ്റന്റന്റ് - 1, സ്വീപ്പർ കം വാച്ച്മാൻ - 1 എന്നീ സ്ഥിരം തസ്തികകൾ നിലവിലുണ്ട്. അതു കൂടാതെ എ.സി.ഡി ഗസ്റ്റ് ഇൻസ്ട്രക്ടർ - 1, അപ്രന്റീസ് ക്ലാർക്ക് -1 എന്നീ താൽക്കാലിക ജീവനക്കാരും സ്ഥാപനത്തിൽ ഉണ്ട്. മേൽ പരാമർശിച്ചതിനു പുറമേ വർക്ക്ഷോപ്പ് അറ്റന്ററായി രണ്ട് അപ്രന്റീസ് ട്രെയിനികളും സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ